4. ശ്രീ. ശ്രീധരൻ, എസ്.സി.പി.ഒ. 6323, തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ
5. ശ്രീ. ഷമീർ, സി. പി. ഒ. 7879, കുറ്റ്യാടി പോലീസ് സ്റ്റേഷൻ
6. ശ്രീ. മനീഷ്, സി. പി. ഒ. 8346, നാദാപുരം കൺട്രോൾ റൂം
7. ശ്രീ. റിജേഷ്, സി. പി. ഒ. 8504, നാദാപുരം കൺട്രോൾ റൂം.

(എഫ്) 1. അഖിൽ s/o രാജൻ, പുത്തലത്ത്, തൂണേരി
2. രഖിൽ s/o രാജൻ, കരിയില്ലത്ത്, വെള്ളൂർ
3. അനീഷ് s/o കേളപ്പൻ, മീത്തലെ പിള്ളാടിയിൽ, വെള്ളൂർ
4. വിനീഷ് s/o നാണു, വട്ടക്കണ്ടി, താഴെക്കുനി, തൂണേരി
5. ലിനീഷ് s/o ബാലൻ, ഈശ്വര വല്യത്ത്, വെള്ളൂർ.
6. രാജേഷ് s/o രാജൻ, വടക്കെവീട്ടിൽ, വെള്ളൂർ

(ജി) മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, സാമൂഹ്യക്ഷേ വകുപ്പുമന്ത്രി എന്നിവർ ഷിബിന്റെ വീട്ടിൽ സന്ദർശനം നടത്തി.

നാദാപുരം മേഖലയിലെ ക്രമസമാധാനം

172 (177) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മേഖലയിൽ വളരെക്കാലമായി നിലനിന്നിരുന്ന സൗഹാർദ്ദാന്തരീക്ഷം തകരാനിടയായ സാഹചര്യം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇവിടെയുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഏതെല്ലാം മതവിഭാഗങ്ങളിൽപ്പെട്ടവരുടെ കടകളും വീടുകളുമാണ് ആക്രമിക്കപ്പെട്ടത് എന്ന് വിശദമാക്കാമോ;

(ഡി) അഞ്ച് യുവാക്കൾ ബോംബ് പൊട്ടി മരിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെയുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിവരുന്നു. എഫ്.ഐ.ആർ. പ്രകാരം 6,47,55,000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) ഇപ്പോഴുണ്ടായ സംഘർഷത്തിൽ മുസ്ലീം- ഹിന്ദു വിഭാഗങ്ങളിൽപ്പെട്ടവരുടെ വീടുകളും കടകളുമാണ് അക്രമത്തിനിരയായത്.

(ഡി) കേസ് അന്വേഷണം അവസാനഘട്ടത്തിലാണ്.

മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ

173 (178) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറത്തിറക്കിയ കരട് വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഇ I-21566/12 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) മലപ്പുറം നഗരത്തിന്റെ 2 കി.മി. ചുറ്റളവിൽ സ്ഥിതിചെയ്യുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കുവാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ നിയമവകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ആഭ്യന്തര വകുപ്പിലെ പരിഷ്കാരങ്ങൾ

174 (179) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണ് ;

(ബി) പോലീസ് സേനാംഗങ്ങളുടെ എണ്ണത്തിൽ വരുത്തിയിട്ടുള്ള വർധനവ് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly